**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം

## KEAM - 2021

**ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ മോപ് - അപ്പ്അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**

2021-22 അദ്ധ്യയന വർഷത്തെ ആയുർവേദ /ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള ഓൺലൈൻ മോപ് അപ് അലോട്ട്മെൻറ് **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ് . ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ടമെന്റ് മെമ്മോയുടെ പ്രിന്റൗട്ട് 21.04.2022 വൈകുന്നേരം 4.00 മണി മുതൽ നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും , പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുമായ ഫീസ് (ബാക്കി ഫീസ്) അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളത് **21.04.2022 വൈകുന്നേരം 4.00 മണി മുതൽ 25.04.2022 വൈകുന്നേരം 2.00 മണിവരെ** ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ (പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ് ) ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച എസ് .സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ /ഒ.ഇ.സി-ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ 20.06.2005 തീയതിയിലെ G.O.(Ms)No.25/2005/SCSTDD, G.O.(Ms)No.10/2014/BCDD തീയതി 23.05.2014 എന്നീസർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ.ചിത്രഹോം, ജുവനൈൽഹോം, നിർഭയ ഹോം എന്നിവയിലെ വിദ്യാർത്ഥികളും ഫീസിളവിന് അർഹരാണ് . എന്നാൽ ഇത്തരം വിദ്യാർത്ഥികൾക്ക് 1000/- രൂപ ടോക്കൺ ഫീസായി അടക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അതാത് കോളേജുകളിൽ **22.04.2022 മുതൽ 25.04.2022 വൈകിട്ട് 2.00** മണിയ്ക്കുള്ളിൽ പ്രവേശനം നേടേണ്ടതാണ്.വിദ്യാർത്ഥികൾ 'Candidate Portal' ൽ ലോഗിൻ ചെയ്ത് അവരവരുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കേണ്ടതാണ് . അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അവരവരുടെ ഹോം പേജിലെ 'Data Sheet' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് പ്രിന്റ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ്, അലോട്ട്മെന്റ് മെമ്മോ, പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള രേഖകൾ എന്നിവ കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്. പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരം കോളേജുകൾ 25/04/2022 വൈകുന്നേരം 3 മണിയ്ക്കകം OAMS വഴി നൽകേണ്ടതാണ്.

മോപ് അപ് അലോട്ട്മെന്റിനുശേഷവും ഒഴിവുകൾ വരുന്ന പക്ഷം മോപ് അപ് അലോട്ട്മെന്റിനായി രജിസ്റ്റർ ചെയ്ത ഓപ്ഷനുകൾ പരിഗണിച്ച് നികത്തുന്നതായിരിക്കും.. ഇത് സംബന്ധിച്ച വിജ്ഞാപനം

പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**<u>കുറിപ്പ്:-</u>** മോപ് അപ് അലോട്ട്മെന്റ് ലഭിച്ച ശേഷം പ്രവേശനം നേടാത്ത വിദ്യാർത്ഥികളെയും മോപ് അപ്അലോട്ട്മെന്റിലൂടെയോ മുൻ അലോട്ട്മെന്റിലൂടെയോ പ്രവേശനം ലഭിച്ചിട്ട് സീറ്റ് നഷ്ടപ്പെടുത്തുന്ന വിദ്യാർത്ഥികളെയും, കീം 2021 ൽ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ അലോട്ട്മെന്റ് മുഖേന ഏതെങ്കിലും കോഴ്സിൽ 19.04.2022 നുള്ളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെയും തുടർന്നുള്ള അലോട്ട്മെന്റ് നടപടികളിൽ നിന്ന് ഒഴിവാക്കപ്പെടുന്നതും അതോടൊപ്പം ലിക്വിഡേറ്റഡ് ഡാമേജസ്, കീം 2021 പ്രോസ്പെക്ടസ് ക്ലോസ്12.2.4(c)(ii) വ്യവസ്ഥ പ്രകാരം ബാധകമാക്കുകയും ചെയ്യുന്നതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന വിദ്യാർത്ഥികളെ കീം 2021 ലെ ഒരു കോഴ്സിലേക്കും തുടർന്നുള്ള അലോട്ട്മെന്റിലേക്കും പരിഗണിക്കുന്നതല്ല.

വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈററിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.04.20 20:20:22 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**20/04/2022**